പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## <u>ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും പുനഃരുദ്ധാരണത്തിനും പദ്ധതികൾ</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1495 — 04.12.2015 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) |
| (എ) | ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും പുനഃരുദ്ധാരണത്തിനും ഗ്രാമ വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) | ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും ഗ്രാമ വികസന വകുപ്പ് വഴി പി.എം.ജി.എസ്.വൈ, നബാർഡ്-ആർ.ഐ.ഡി.എഫ്. എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ പ്രകാരം റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | (ബി) | നബാർഡ് പ്രവൃത്തികളുടെ ഏകോപനവും മേൽനോട്ടവും നടത്തുന്നത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. ആണ്. ധനകാര്യവകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള നബാർഡ് വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ അനുമതിയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം ലഭിക്കുന്ന പ്രവൃത്തികളുടെ ഡി.പി.ആർ. വാങ്ങി നബാർഡിന്റെ അനുമതിയ്ക്ക് അയയ്ക്കുകയും അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു.<br><br>പി.എം.ജി.എസ്.വൈ-I ൽ നിർമ്മിച്ച റോഡുകൾ ഉൾപ്പെടെ നിലവിൽ പുനരുദ്ധാരണം ആവശ്യമുള്ള ഗ്രാമീണറോഡുകളെ കണ്ടെത്തി അത്തരം റോഡുകൾക്ക് മുൻഗണന നൽകുകയെന്ന ലക്ഷ്യത്തോടെയാണ് പി.എം.ജി.എസ്.വൈ- II ആരംഭിച്ചിരിക്കുന്നത്. പി.എം.ജി.എസ്.വൈ പദ്ധതിയ്ക്ക് റോഡുകൾ തിരഞ്ഞെടുക്കുന്ന അടിസ്ഥാന രേഖയായ ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ (DRRP) നവീകരിയ്ക്കുന്നതിലേയ്ക്കു വേണ്ടി പി.എം.ജി.എസ്.വൈ, ആർ.ഐ.ഡി.എഫ് എന്നിവ |

യിൽ നിർമ്മിച്ച റോഡുകളും ഉൾപ്പെടുത്തി ജി.ഐ.എസ്സ് പ്ലോട്ട് ഫോമിൽ ഡിസ്ട്രിക്ട് റൂറൽ റോഡ്സ് പ്ലാൻ (DRRP) തയ്യാറാക്കുന്നു. പ്രധാന ഗ്രാമീണ റോഡുകളും ലിങ്ക് റോഡുകളും ഉൾപ്പെടെ ഒരു ജില്ലയിലെ എല്ലാ റോഡു ശൃംഖല കളും ചേർന്നതാണ് DRRP. 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെയും ഗ്രാമീണ മേഖ ലയിലെ അടിസ്ഥാന സൗകര്യങ്ങളായ വിദ്യാ ഭ്യാസം, ചികിത്സാ സൗകര്യങ്ങൾ, ഗതാഗത വാർത്താ വിനിമയ സൗകര്യങ്ങൾ, മാർക്കറ്റുകൾ, എന്നിവയുടെ ലഭ്യതയും സർക്കാർ സേവനങ്ങ ളുടെ ലഭ്യതയും അടിസ്ഥാനമാക്കി റോഡുകളുടെ മുൻഗണന കണക്കാക്കുന്നു. ഇതിലേയ്ക്കായി എല്ലാ വർഷവും കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് എല്ലാ ഗ്രാമീണ റോഡുകളുടെയും അവസ്ഥ(പി.സി.ഐ) പരി ശോധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ നിന്നും ഫണ്ടിന്റെ ലഭ്യതയും എം.പി.മാർ എം.എൽ.എ മാർ എന്നി വരുടെ നിർദ്ദേശങ്ങളും പരിഗണിച്ച് ഓരോ വർഷവും ഏറ്റെടുക്കേണ്ട പ്രവൃത്തികൾ തിര ഞ്ഞെടുക്കുന്നു. ടി പദ്ധതിയിൽ ജില്ലാതല ഗ്രാമീണ റോഡ് പ്ലാനിൽ നിന്നും 6 മീറ്ററിൽ കുറ യാത്ത വീതിയുള്ള റോഡുകൾ ഏറ്റെടുക്കാവുന്ന താണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതികളിലുൾപ്പെടുത്തി വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ പുനരുദ്ധരിച്ചിട്ടുണ്ടെന്നും ഏതെല്ലാം റോഡുകൾ പുതിയതായി നിർമ്മിച്ചിട്ടുണ്ടെന്നും അവയ്ക്ക് എത്ര രൂപ ചെലവായിട്ടുണ്ടെന്നും വിശദമാക്കുമോ ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ്-ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി വാമനപുരം നിയോജകമണ്ഡലത്തിൽ റോഡ് പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല. പി.എം.ജി.എസ്.വൈ. പദ്ധതി മുഖേന ഏറ്റെടുത്ത റോഡുകളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പി.എം.ജി.എസ്.വൈ യിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടന്നുകൊണ്ടിരിക്കുന്ന റോഡുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ചെലവായ തുക | നിജസ്ഥിതി |
|---|---|---|---|
| 1 | വഞ്ചുവം -കുറ്റൂർ | 73,01,914.00 | ടാറിംഗ് പണി കഴിഞ്ഞു. |
| 2 | കോലിയകോട് - കുതിരകുളം | 26,41,607.00 | ടാറിംഗ് പണി കഴിഞ്ഞു. |
| 3 | വട്ടക്കരിക്കകം-മേലെപാലുവള്ളി | 43,19,239.00 | മെറ്റലിംഗ് പണി കഴിഞ്ഞു. |
| 4 | വെഞ്ഞാറമൂട്-ചിലന്തിയാംകോട് | 0 | പണി ആരംഭിച്ചിട്ടുണ്ട് |
| 5 | പാറക്കൽ - കാപ്പിക്കുന്ന് | 0 | പണി ആരംഭിച്ചു കഴിഞ്ഞു |
| 6 | വലിയകട്ടക്കാൽ - പാറക്കൽ | 0 | പണി ആരംഭിച്ചു കഴിഞ്ഞു |

വാമനപുരം നിയോജക മണ്ഡലത്തിൽ പുതിയ റോഡുകൾ ഒന്നും തന്നെ നിർമ്മിച്ചിട്ടില്ല.